# കള്ള് നിരോധിച്ച് നീര നടപ്പാക്കണം

കള്ള് നിരോധിച്ചുകൊണ്ടുമാത്രമേ നീര നടപ്പാക്കാവൂ എന്ന് കേരള മദ്യനിരോധനസമിതി നാലുവർഷമായി സർക്കാറിനോട് ആവശ്യപ്പെട്ടുവരികയാണ്. കേരകർഷകരുടെ രക്ഷയ്ക്കായി നീര നടപ്പാക്കുന്നതിനെപ്പറ്റി ആലോചിക്കുമെന്ന് കൃഷിമന്ത്രി ചിലപ്പോഴൊക്കെ പ്രസ്താവനയിറക്കിയിട്ടുണ്ട്. അദ്ദേഹത്തിന്റെ പാർട്ടി പ്രമേയങ്ങൾ പാസാക്കിയിട്ടുമുണ്ട്. ഇത്തരം ധാരണകളാണല്ലോ പലപ്പോഴും നിയമനിർമാണങ്ങൾക്കും നിദാനം.

നീരയെപ്പറ്റി പറഞ്ഞുതുടങ്ങിയത് കേരള മദ്യനിരോധനസമിതിയാണ്. പിന്നീട് ഫാർമേഴ്സ് റിലീഫ് ഫോറവും, ശങ്കിച്ചുകൊണ്ടെങ്കിലും ഇൻഫാമുമൊക്കെ ഈ കാര്യം ഉന്നയിച്ചുപോന്നിട്ടുണ്ട്. കേരളത്തിലെ മിക്ക ബിഷപ്പുമാരും നീരയെ എതിർത്തുപോന്നു എന്നതിനാലാണ് ഇൻഫാം ഇത്ര ഊന്നിപ്പറയാതിരുന്നത്.

ഈ എതിർപ്പിന് കാരണമുണ്ട്. നിരുപാധികം കള്ളുചെത്താൻ അനുവദിച്ചാൽ നാടാകെ കുടിപടരുമെന്ന ആശങ്ക അസ്ഥാനത്തല്ല. ആ ആശങ്ക ഞങ്ങൾക്കുമുണ്ട്. ഇളം കള്ള് വീടുകളിൽ മൂപ്പിച്ച് കള്ളാക്കും. വാറ്റും. കള്ളുഷാപ്പുകൾ മൊത്തമായി ഇതേറ്റെടുക്കും. ഷാപ്പുകളിൽവെച്ച് മായംചേർത്ത് വിൽക്കും. അല്ലെങ്കിൽ വാറ്റി ചാരായമാക്കും. ചാരായനിരോധനത്തെപ്പോലെ നീരയെയും അട്ടിമറിക്കും. മദ്യം നിരോധിക്കുമ്പോൾ ആ മേഖലയിലുള്ള തൊഴിലാളികളെ പുനരധിവസിപ്പിക്കാൻ നീര കോർപ്പറേഷൻ രൂപവത്കരിച്ച് നീര കൊണ്ടുവരണം എന്നത് 86-ൽ ഉദയഭാനു കമ്മീഷനുമുമ്പാകെ മദ്യനിരോധനസമിതി ഉന്നയിച്ചിരുന്നു. മുഴുവൻ ചെത്ത്-മദ്യത്തൊഴിലാളികളെയും പുനരധിവസിപ്പിക്കാൻ പര്യാപ്തമാകുംവിധം നീര കൊണ്ടുവരാം, കൊണ്ടുവരണം. അതുപക്ഷേ, കള്ള് നിരോധിച്ചുകൊണ്ടുമാത്രം.

ഇപ്പോൾ മൂന്നുലക്ഷം തെങ്ങുകൾക്കാണ് വൃക്ഷക്കരം അടയ്ക്കുന്നത്. ഒരു ലക്ഷംപോലും ചെത്തുന്നില്ല. ബാക്കി മുഴുവനും കള്ളക്കള്ളാണ്. 10 ലക്ഷം തെങ്ങെങ്കിലും ചെത്തണം. പുതിയ ചെത്തുകാരെ പരിശീലിപ്പിക്കണം. ഇപ്പോഴുള്ളത് 5000 കള്ളുഷാപ്പുകൾ. മീൻമുറിക്കുന്നവരെക്കൂടി ഉൾപ്പെടുത്തിയാലും തൊഴിലാളികൾ 50,000. അവർക്ക് മാത്രമല്ല അധികം 1,25,000 പേർക്കുകൂടി പ്രതിദിനം തൊഴിൽനൽകാം നീര കോർപ്പറേഷനിലൂടെ. ഒരു പഞ്ചായത്തിൽ 175 പേർക്ക്. തൊഴിലാളികളോ മിൽമപോലെ, കെ.എസ്.ഇ.ബി. പോലെ, കെ.എസ്.ആർ.ടി.സി. പോലെ ബോഡ്/കോർപ്പറേഷനുകളിൽ എത്തുന്നു. 20 തെങ്ങുചെത്താൻ കൊടുക്കുന്ന കർഷകന് 300 രൂപയെങ്കിലും നിത്യേന ലഭിക്കും.

എന്നിട്ടും ചെത്ത്-മദ്യത്തൊഴിലാളി നേതാക്കൾ കള്ള് നിരോധിക്കരുതെന്ന് ശാഠ്യം പിടിക്കുന്നു. കല്ലുവാതുക്കൽ ദുരന്തകാലത്ത് വി.എസ്. അച്യുതാനന്ദൻ മണ്ണുത്തി കാർഷിക സർവകലാശാലയിൽച്ചെന്ന് ഒരു കുപ്പി നീര എടുത്തുകൊണ്ട് ചോദിച്ചിരുന്നു ''എന്തുകൊണ്ട് നമുക്ക് നീര ഉത്പാദിപ്പിച്ചുകൂടാ''! ഉത്തരം ലളിതം. പാർട്ടി നേതാക്കൾ സമ്മതിക്കില്ല. നാളികേര വികസനബോർഡിന്റെ പബ്ലിസിറ്റി ഓഫീസർ മിനിമാത്യു, ബോർഡിന്റെ പ്രസിദ്ധീകരണത്തിലും 'മാതൃഭൂമി'യിലും നീരയുടെ സാധ്യതകളെക്കുറിച്ച് വിശദമായി എഴുതിയിരുന്നു. ഇതിനൊക്കെ ആധാരം പിലിക്കോട് കാർഷിക സർവകലാശാലയിലെ ഗവേഷകൻ ഡോ. പത്തിയൂർ ഗോപിനാഥിന്റെ ഒരു പ്രോജക്ടാണ്. അതിനെ നമ്മുടെ ഭരണകൂടങ്ങൾ നശിപ്പിച്ചിരിക്കയാണ്.

-ഇയ്യച്ചേരി കുഞ്ഞികൃഷ്ണൻ
(ജന. സെക്രട്ടറി, കേരള മദ്യനിരോധനസമിതി)